ഭരണഭാഷ മാതൃഭാഷ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ശമ്പളപരിഷ്കരണ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (രഹസ്യ) വകുപ്പ്**

**സ.ഉ. (കൈ.) നം. 78/2021/ധന.** **തീയതി, തിരുവനന്തപുരം, 13/07/2021**

---

പരാമർശം:- 1 06.11.2019 ലെ സ.ഉ. (കൈ.) നം.414/2019/ധന.
2 07.05.2020 ലെ സ.ഉ. (കൈ.) നം.54/2020/ധന.
3 08.01.2021 ലെ സ.ഉ. (കൈ.) നം.5/2021/ധന.
4 പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷൻ സെക്രട്ടറിയുടെ 18.06.2021 ലെ 1832/എ1/2020/XI-പി.ആർ.സി. നമ്പർ കത്ത്

**ഉത്തരവ്**

സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ എന്നിവിടങ്ങളടക്കമുള്ള ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും അലവൻസുകളും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിക്കുന്നതിന് ശുപാർശ സമർപ്പിക്കുന്നതിനായി സർക്കാർ പരാമർശം 1 പ്രകാരം ശമ്പളപരിഷ്കരണ കമ്മീഷനെ ആറു മാസ കാലാവധി നിശ്ചയിച്ച് നിയമിച്ചിരുന്നു. പ്രസ്തുത കമ്മീഷന്റെ കാലാവധി പരാമർശം 2, 3 ലെ ഉത്തരവുകൾ പ്രകാരം യഥാക്രമം 31.12.2020, 30.06.2021 വരെ ദീർഘിപ്പിച്ചിരുന്നു. കോവിഡ്-19 രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗൺ മൂലം പ്രവർത്തി ദിനങ്ങൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്ന പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി ശമ്പളപരിഷ്കരണ കമ്മീഷന്റെ പ്രവർത്തന കാലയളവ് 31.08.2021 വരെയും കമ്മീഷനിലെ ഉദ്യോഗസ്ഥരുടെ കാലാവധി 30.09.2021-വരെയും ദീർഘിപ്പിച്ച് നൽകണമെന്ന് കമ്മീഷൻ ചെയർമാൻ പരാമർശിത കത്ത് മുഖാന്തിരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശമ്പളപരിഷ്കരണ കമ്മീഷന്റെ പ്രവർത്തന കാലാവധി 31.08.2021 വരെയും കമ്മീഷനിലെ ഉദ്യോഗസ്ഥരുടെ കാലാവധി 30.09.2021-വരെയും ദീർഘിപ്പിച്ച് ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രാജേഷ് കുമാർ സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ.), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (സ്റ്റേറ്റ് ആഡിറ്റ്-II), കേരള, തിരുവനന്തപുരം.
സെക്രട്ടറി, പതിനൊന്നാം ശമ്പളപരിഷ്കരണ കമ്മീഷൻ, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം - 14.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www finance.kerala.gov.in,
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ ( 1245658 ).

പുറപ്പെടുവിക്കുവാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ